# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18.09.2025**

### പ്രധാനവാർത്തകൾ

1) സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം നിയമസഭ ചർച്ച ചെയ്ത് തള്ളി. സർക്കാർ ഫലപ്രദമായ ഇടപെടൽ വിപണിയിൽ നടത്തിയതായി മന്ത്രി ജി. ആർ അനിൽ. വിലക്കയറ്റത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലെന്ന് പ്രതിപക്ഷം.

2) വോട്ട് നീക്കം ചെയ്യതുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉയർത്തിയ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

3) ബ്ലൂ ടൈഡ്സ് കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കോവളത്ത് നിർവ്വഹിക്കും

4) ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിക്ക് നാളെ കൈനകരിയിൽ തുടക്കം

5) ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ നാലാം സ്ഥാനത്തെത്തി ഇന്ത്യയുടെ സച്ചിൻ യാദവ്. നീരജ് ചോപ്രയ്ക്ക് എട്ടാംസ്ഥാനം.

6) ഏഷ്യാ കപ്പ് ട്വന്റി -20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക, അഫ്ഗാനിസ്ഥാനെ നേരിടും.

****************************************************************

RNU TVPM

## നിയമസഭ.. (ഇ ൻട്രോ)

സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം നിയമസഭ ചർച്ച ചെയ്ത് തള്ളി. സർക്കാർ ഫലപ്രദമായ ഇടപെടൽ വിപണിയിൽ നടത്തിയതായി ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ഭക്ഷ്യമന്ത്രി ജി.ആർ അനിൽ വ്യക്തമാക്കി. വിലക്കയറ്റത്തിൽ കേരളം രാജ്യത്ത് മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുന്നിലാണെന്ന് പ്രതിപക്ഷം ആരോപിച്ചു. പ്രതിപക്ഷത്തു നിന്നും പി.സി വിഷ്ണുനാഥ് ആണ് ഉപക്ഷേപം അവതരിപ്പിച്ചത്.

**വിശാദാംശങ്ങളുമായി ആകാശവാണി ലേഖക ൻ സ്മിതി എം പള്ളുരുത്തി ....**

(വോയ്സ്)

.......................................................................

## പാൽവില

പാൽവില വർദ്ധിപ്പിക്കാനുള്ള നടപടികൾ മിൽമ വൈകാതെ സ്വീകരിക്കുമെന്ന് നിയമസഭയിൽ മന്ത്രി ജെ ചിഞ്ചുറാണി. ക്ഷീരകർഷകർക്ക് പ്രയോജനമാകുന്ന വിധത്തിലായിരിക്കും വിലവർദ്ധനയെന്നും സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞു.

RNU TVPM

.......................................................................

## രാഹുൽ ഗാന്ധി

ഓൺലൈനായി വോട്ട് നീക്കം ചെയ്യതുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉയർത്തിയ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കർണാടകയിലെ അലന്ദ് നിയമസഭാ മണ്ഡലത്തിലെ ആറായിരത്തോളം വോട്ടർമാരെ വോട്ടർ പട്ടികയിൽ നിന്ന് നീക്കിയതായാണ് രാഹുൽഗാന്ധി എംപി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ ആരോപിച്ചത്. സോഫ്റ്റ് വെയർ തിരിമറിയിലൂടെ ഇത് ചെയ്തെന്നാണ് ആരോപണം. 2023 ൽ ഇത്തരത്തിൽ വോട്ടർമാരെ നീക്കം ചെയ്യാൻ ചില വിഫല ശ്രമങ്ങൾ അലന്ദ് മണ്ഡലത്തിൽ നടന്നതായും, ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നതായും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

************************************************************

## സേവ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.....

(മ്യൂസിക് - ഹോൾഡ്-പിഎം)

************************************************************

## ബ്ലൂ ടൈഡ്സ് -സി എം

PNUTVPM

സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ് കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഔപചാരിക ഉത്ഘാടനം നിർവ്വഹിക്കും . രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട് എന്ന പ്രമേയത്തിൽ നടക്കുന്ന സമ്മേളനം സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെയുള്ള സുസ്ഥിര വികസനവും തീരമേഖലയുടെ പങ്കാളിത്തവുമാണ് ലക്ഷ്യമിടുന്നത്. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ എന്നിവർ കോൺക്ലേവിൽ വിശിഷ്ടാതിഥികളായി പങ്കെടുക്കും. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷനേതാവ് തുടങ്ങി നിരവധി പ്രമുഖർ സന്നിഹിതരാകും.

************************************************************

## ദേശീയ പാത പമ്പ് - ഹൈക്കോടതി

ദേശീയ പാതയോരങ്ങളിലെ പെട്രോളിയം ഔട്ട്‌ലെറ്റുകളിലെ ശൗചാലയങ്ങൾ 24 മണിക്കൂറും പൊതുജനങ്ങൾക്കായി തുറന്നിരിക്കണമെന്ന സിംഗിൾ ബെഞ്ചിൻറെ ഇടക്കാല ഉത്തരവ് പരിഷ്കരിച്ച് കേരള ഹൈക്കോടതി . പമ്പ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാൻ

അനുവദിക്കണമെന്നും ഇല്ലെങ്കിൽ പ്രവൃത്തി സമയം വരെ ടോയ്ലറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാൻ അനുവദിക്കണമെന്നുമാണ് പരിഷ്കരിച്ച ഉത്തരവിൽ പറയുന്നത്.

.......................................................

## അരുന്ധതി റായി -ഹൈക്കോടതി

പ്രശസ്ത എഴുത്തുകാരി അരുന്ധതി റായിയുടെ "മദർ മേരി കംസ് ടു മി" എന്ന പുസ്തകത്തിൻറെ കവർ പേജിലെ ചിത്രത്തെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയിൽ കേരള ഹൈക്കോടതി കേന്ദ്രത്തിന്റെ പ്രതികരണം തേടി. പുക വലിക്കുന്ന ചിത്രം നിയമപരമായ മുന്നറിയിപ്പുകളില്ലാതെ നൽകിയതിന് എതിരെയാണ് ഹർജി. പുസ്തകത്തിന്റെ വിൽപ്പന നിർത്തിവയ്ക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

.......................................................

## ആഗോള അയ്യപ്പ സംഗമം

RNU TVPM

തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഈ മാസം 20ന് പമ്പയിൽ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഏഴു കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്ന അയ്യപ്പ സംഗമത്തിലൂടെ ശബരിമലയുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നതെന്ന് ദേവസ്വം മന്ത്രി വി.എൻ വാസവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 16 രാജ്യങ്ങളിൽ നിന്നായി 3,000 മുതൽ 3,500 വരെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും.

.......................................................

## ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി (ഇൻട്രോ)

ഇക്കൊല്ലത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിക്ക് നാളെ കുട്ടനാട്ടിലെ കൈനകരിയിൽ തുടക്കം. ഉച്ചകഴിഞ്ഞ് 2 .30 ന് മന്ത്രി മുഹമ്മദ് റിയാസ് വള്ളംകളി ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.....**

.......................................................................

## നീരജ് ചോപ്ര

ടോക്കിയോയിൽ നടന്ന ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യൻ ജാവലിൻ താരം നീരജ് ചോപ്രയ്ക്ക് നിരാശ. നിലവിലെ ലോകചാമ്പ്യനായ നീരജിന് എട്ടാം സ്ഥാനം മാത്രമാണ് ലഭിച്ചത്. എന്നാൽ ഇന്ത്യയുടെ സച്ചിൻ യാദവ് അരങ്ങേറ്റ മത്സരത്തിൽ നാലാംസ്ഥാനം നേടി മികച്ച പ്രകടനം കാഴ്ചവച്ചു . 88.16 മീറ്റർ ദൂരമെറിഞ്ഞ ട്രിനി ഡാഡിന്റെ കിഷോൺ വാൾകോട്ടിനാണ് സ്വർണ്ണം.

.......................................................................

## ഏഷ്യാ കപ്പ്

ഏഷ്യാ കപ്പ് ട്വന്റി -20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക, അഫ്ഗാനിസ്ഥാനെ നേരിടും. ഷെയ്ഖ് സയ്യിദ് സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്ത്യ-ഒമാൻ മത്സരം നാളെ രാത്രി 8 മണിക്കാണ്.

RNUTVPM

.......................................................................

## കെ എസ് യു മാർച്ച്

സംസ്ഥാനത്ത് വർധിച്ചു വരുന്ന പൊലീസ് മർദനങ്ങൾക്കെതിരെ – തിരുവനന്തപുരത്ത് കെ എസ് യു നടത്തിയ മാർച്ചിൽ സംഘർഷം. ആദ്യം നിയമസഭയിലേക്കും പിന്നീട് സെക്രട്ടേറിയേറ്റിലേക്കുമായിരുന്നു പ്രതിഷേധം. നിയമസഭയ്ക്ക് മുന്നിൽ പ്രതിഷേധവുമായി എത്തിയ കെ എസ് യു പ്രവർത്തകരും പൊലീസും തമ്മിൽ സംഘർഷമുണ്ടായി. തുടർന്ന് പ്രതിഷേധം സെക്രട്ടേറിയറ്റിലേക്ക് വ്യാപിപ്പിക്കുകയായിരുന്നു.

.......................................................................

## സർവേകിയോസ്ക് - മന്ത്രി കെ രാജൻ

സർവേ റെക്കോർഡുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്ന കിയോസ്ക് സംവിധാനം മന്ത്രി കെ രാജൻ നാളെ ഉദ്ഘാടനം ചെയ്യും. ഇതിലൂടെ മുൻകാല സർവേ രേഖകൾ ഇനി വേഗത്തിൽ ലഭിക്കും. ഫയൽ നടപടികളില്ലാതെ, ഫീസ് അടച്ച് ആർക്കും സ്വയം രേഖകൾ പ്രിന്റ് ചെയ്തെടുക്കാം. ഡിജിറ്റൽ സർവേ രേഖകളും ഇവിടെ നിന്ന് ലഭിക്കും.

*****************************************************

## സാഹിത്യോൽസവം... ശിവൻകുട്ടി

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കുട്ടികളുടെ സാഹിത്യോത്സവമായ 'അക്ഷരക്കൂട്ട് മന്ത്രി വി. ശിവൻകുട്ടി ഉത്ഘാടനം ചെയ്യു . തിരുവനന്തപുരം കനകക്കുന്ന്, ജവഹർ ബാലഭവൻ, മൺവിള എന്നിവിടങ്ങളിലെ വേദികളിലാണ് സാഹിത്യോത്സവം അരങ്ങേറുന്നത്.

*

************

****************************************

RNU TVPM